**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 438** **08-10-2024 - ൽ മറുപടിയ്ക്ക്**

**ജംഗ്ഷൻ ഇംപ്രൂവ്മെന്റ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം നൗഷാദ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ ഇരവിപുരം മണ്ഡലത്തിലെ ജംഗ്ഷൻ ഇംപ്രൂവ്മെന്റ് പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (എ) | കിഫ്ബി ഫണ്ട് വിനിയോഗിച്ച് സംസ്ഥാനത്തെ 20 ജംഗ്ഷനുകളുടെ വികസനത്തിനായി 05/11/2022-ലെ G.O (Rt) No. 1069/2022/PWD പ്രകാരം 200 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി നൽകി ഉത്തരവായിരുന്നു. പള്ളിമുക്ക് ജംഗ്ഷൻ പദ്ധതിയുടെ ഭാഗമായുള്ള ഭൂമിയേറ്റെടുക്കുന്നതിനായി അതിർത്തി കല്ലുകൾ സ്ഥാപിക്കുന്ന പ്രവൃത്തിയുടെ ടെൻഡർ നടപടികൾ നടന്നു വരികയാണെന്നും, എന്നാൽ 3 തവണ ടെൻഡർ ചെയ്തിട്ടും ആരും തന്നെ ടെണ്ടറിൽ പങ്കെടുത്തിട്ടില്ലെന്നാണ് നിർവ്വഹണ ഏജൻസിയായ KRFB അറിയിച്ചിട്ടുള്ളത്. |
| (ബി) | പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ട പള്ളിമുക്ക് ജംഗ്ഷൻ വികസനം പ്രവൃത്തിയ്ക്ക് കിഫ്ബിയുടെ സാമ്പത്തികാനുമതി ലഭ്യമായിട്ടുണ്ടോ; എങ്കിൽ തുക എത്രയെന്ന് വ്യക്തമാക്കാമോ; | (ബി) | പള്ളിമുക്ക് ജംഗ്ഷൻ വികസന പ്രവൃത്തിയുമായി ബന്ധപ്പെട്ട ഭൂമിയേറ്റെടുക്കലിന് 22/06/2023-ലെ PWD023-05/AE-1/2023/KIIFB നമ്പർ നടപടിക്രമ ഉത്തരവ് പ്രകാരം കിഫ്ബി 3.08 കോടി രൂപയ്ക്ക് ധനാനുമതി നൽകിയിരുന്നു. തുടർന്ന് നിർവ്വഹണ ഏജൻസി സമർപ്പിച്ച പുതുക്കിയ ഡി.പി.ആർ പ്രകാരം ഭൂമിയേറ്റെടുക്കലിനുള്ള റിവൈസ്ഡ് എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ ധനാനുമതി 09/03/2024-ലെ PWD023-05/APR-1/2024/KIIFB നമ്പർ നടപടിക്രമ ഉത്തരവ് പ്രകാരം 8.335 കോടി രൂപയായി പുതുക്കി നൽകുകയും ചെയ്തിട്ടുണ്ട്. |
| (സി) | നടപടികൾ പൂർത്തീകരിച്ച് പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കുവാൻ സാധിക്കുമെന്ന് അറിയിക്കാമോ? | (സി) | ഭൂമിയേറ്റെടുക്കൽ നടപടികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് സാങ്കേതികാനുമതി നൽകി ടെണ്ടർ ക്ഷണിച്ച് പ്രവൃത്തി നിർവ്വഹിക്കുന്നതിനുള്ള നടപടികൾ നിർവ്വഹണ ഏജൻസിയായ KRFB-ക്ക് സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ